കണ്ടറിഞ്ഞു. കുടിവെള്ള മലിനീകരണം എസ്.സി/എസ്.ടി ആക്ട് അനുസരിച്ച് കുറ്റകരമാണ്. 14.07.2004ൽ പ്രശ്നബാധിതർക്ക് പൈപ്പ് വെള്ളമെത്തിക്കാമെന്ന് പ്രായശ്ചിത്തമെന്ന നിലയിൽ കമ്പനി സമ്മതിച്ചതാണ്. ഈ ധാരണയിൽ നിന്നും പിന്നീട് കമ്പനി പിന്മാറി.

മലിനീകരണത്തിനുത്തരവാദി പരിഹാരചിലവ് വഹിക്കുക എന്നത് പ്രായോഗിക നീതിയുടെ ഭാഗമായിട്ടുണ്ട്. റിയോ പ്രഖ്യാപനം (16–ാം ഖണ്ഡം) ഇക്കാര്യം ഉയർത്തിപ്പിടിക്കുനനു. (പ്രസ്തുത നിയമം വികസിപ്പിക്കുന്നതിൽ ഞാനും ഭാഗഭാക്കായിരുന്നു.) പ്ലാച്ചിമടയിലെ കൊകൊകോളയുടെ കാര്യത്തിൽ ഈ നിയമം കൃത്യമായും ബാധകമാണ്. ജനങ്ങൾക്ക് വേണ്ടി പരിഹാരത്തുക കമ്പനിയിൽ നിന്നും ഈടാക്കണമെന്ന് കേരളത്തിലെ ഭൂജല വകുപ്പ് ഒക്ടോബർ 2008ലെ യോഗത്തിൽ സർക്കാരിനോട് നിർദ്ദേശിച്ചാൽ കാരണം മറ്റൊന്നുമല്ല, ഇവിടെ മലിനീകരണം നടന്നിട്ടുണ്ട്. ഭൂജലം നിയമ വിരുദ്ധമായി കൊള്ളച്ചെയ്യപ്പെട്ടിരിക്കുന്നു. കൃഷിനാശം സംഭവിച്ചിരിക്കുന്നു. കാര്യങ്ങൾ കൃത്യമായി അപഗ്രഥിച്ച് നഷ്ടം തിട്ടപ്പെടുത്തി കാരണക്കാരെ നിയമവാഴ്ചക്ക് വിധേയരാക്കേണ്ടിയിരിക്കുന്നു.

ആഗോള വ്യവസ്ഥയെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചത് രസകരമായിട്ടുണ്ട്. പൊതുജനം നിഷേധിച്ച ഒരു പ്രസ്ഥാനമായിരുന്നു കോളകമ്പനി എന്ന കാര്യം അങ്ങ് സൗകര്യപൂർവ്വം മറന്നു. അതൊരു നിയമാനുസൃത യു.എൻ നടപടിയായിരുന്നില്ല. ഒരു രാജ്യത്തിലെ നിയമങ്ങളെ മറികടക്കാൻ ഒരു ടോർച്ചറേറ്റ് പ്രസ്ഥാനം അരങ്ങേറിയ തന്ത്രം മാത്രമായിരുന്നു. വികസ്വര രാജ്യങ്ങളുടെ സ്വാധീനത്തിലുണ്ടായ യു.എൻ.സി.ടി.എ.ഡി പോലുള്ള പ്രസ്ഥാനങ്ങൾ മുന്നോട്ട് വച്ച നടപടിക്രമങ്ങളെ മറികടക്കാനുള്ള സൂത്രമായിരുന്നു. രാജ്യത്തിന്റെ നിയമങ്ങളനുസരിക്കാൻ കൊകൊകോള തയ്യാറാണെങ്കിൽ അവർ ഉപയോഗിച്ച പൊതുസ്വത്തിന് മതിയായ പ്രതിഫലം നൽകട്ടെ.

കേരളത്തിന്റെ വികസന കാര്യങ്ങലെകുറിച്ചുള്ള അങ്ങയുടെ അഭിപ്രായങ്ങൾ അനവസരത്തിലുള്ളതാണ്. ലോകത്തെ ഏറ്റവും ആഗോള വൽകൃത സമൂഹമാണ് കേരളത്തിലേത്. 500 കൊല്ലം മുമ്പ് അറബികച്ചവടക്കാരെ പുറത്താക്കി യൂറോപ്യന്മാർ വാണിജ്യം ഏറ്റെടുത്തത് വരെ കേരളം വാണിജ്യപ്രവർത്തികളുടെ നടുവിൽത്തന്നെയായിരുന്നു. അതിരാഷ്ട്രീയവൽകൃതസമൂഹമാണെനന അങ്ങയുടെ പ്രസ്താവന അപകട ചിന്താരീതിയുടെ പ്രകടനം മാത്രമാണ്. ഇന്ത്യയുടെ ഏകതയ്ക്ക് അപമാനകരമാണ് കേരളയീർ മറ്റിടത്ത് ജോലി നോക്കുന്നതിനെക്കുറിച്ച് പ്രസ്താവിച്ചത്. കേരളയീർ ഗൾഫിലും മറ്റും ജോലി ചെയ്യുന്നത് നാണക്കേടാണത്രേ! ഒരു അമേരിക്കൻ നഗരത്തിലിരുന്ന് ഗൾഫ് ബിസിനസ്സ് നിയന്ത്രിച്ച്കൊണ്ടാണ് അങ്ങിത് പറയുന്നത്. ഇംഗ്ലീഷിലും ഫ്രഞ്ചിലും നിപുണനാണെന്ന് അങ്ങയുടെ വെബ്സൈറ്റിൽ അങ്ങ് പറയുന്നു. മലയാളത്തെക്കുറിച്ച് ഒന്നുമില്ല – നമ്മുടെ ഭാഷക്ക് ഇംഗ്ലീഷിനേക്കാൾ സാഹിത്യ പാരമ്പര്യമുണ്ടായിട്ടുകൂടി കേരളമാതൃകയിലുള്ള വികസനം ലോകം മുഴുവൻ ചർച്ചചെയ്യപ്പെടുമ്പോഴും അങ്ങേക്ക് അതിനെക്കുറിച്ച് ഒന്നുമറിയില്ല എന്നകാര്യം വിചിത്രമായിരിക്കുന്നു. ഉദാഹരണത്തിന് അങ്ങ് ജീവിക്കുന്ന അമേരിക്കൻ നഗരത്തിലേക്കാൾ ശിശുമരണനിരക്ക് കേരളത്തിൽ കുറവാണ്. രാഷ്ട്രീയ ബോധവല്ക്കരണം കൊണ്ട് അധികാര പങ്ക് പറ്റലിന് ഉത്തമോദാഹരണമാണ് കേരളം. അങ്ങയുടെ എഴുത്തിലുടനീളം പ്രതിഫലിക്കുന്ന ഇന്ത്യയെക്കുറിച്ചുള്ള ആഴമില്ലാത്ത അറിവ് യൂറോപ്യൻ സന്ദർശകരുടേതിൽ നിന്നും ഒട്ടും ഭേദമല്ല.

മേൽപറഞ്ഞതരം ചില അഭിപ്രായപ്രകടനങ്ങളെ ചൂണ്ടികാണിക്കട്ടെ. പടിഞ്ഞാറൻ വസ്ത്രങ്ങൾ സ്വീകരിക്കുകയും സാരി ഉപേക്ഷിക്കുകയും ചെയ്യുന്ന ഇന്ത്യൻ സ്ത്രീകളെ കുറിച്ച് വളരെ മോശമായി അങ്ങ് എഴുതി. ആഴം കുറഞ്ഞ ഈ എഴുത്ത് അവഗണിക്കാം. പക്ഷേ, എഴുതുന്നയാൾ ഫുൾസ്യൂട്ടിലാണെന്നത് വിചിത്രമല്ലേ? കുർത്ത ധരിക്കുന്നത് നിർത്തിയെന്നു അങ്ങുതന്നെ എഴുതിയിരിക്കുന്നു! ഐക്യരാഷ്ട്രപ്രസ്ഥാനത്തിന്റെ ഒരു എളിയ വക്താവെന്ന നിലയിൽ യു.എൻ. പ്രവർത്തനങ്ങളിൽ പങ്കാളിയാവേണ്ടിവന്നയാളെന്ന നിലയിൽ മേൽപ്പറഞ്ഞ പരിഹാസത്തിനോടും, തദ്ദേശീയ വസ്ത്രധാരണം നിർത്തി അതിനോട് അങ്ങ് പ്രതികരിച്ചതിനോടും അമർഷം രേഖപ്പെടുത്തട്ടെ. ബഹുവിധ സംസ്ക്കാരങ്ങളേയും വസ്ത്രധാരണരീതികളേയും സഹിഷ്ണുതയോടെ കാണുന്ന യു.എനിലെ ഒരു ഉദ്യോഗസ്ഥപ്രമുഖൻ അപഹസിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുകയായിരുന്നു വേണ്ടത്. UNESCO/UNEPയുടെ 1987ലെ മോസ്കോ യോഗത്തിൽ ഞാൻ അദ്ധ്യക്ഷം വഹിച്ചത് വെളുത്ത കുർത്തയും പൈജാമയും അണിഞ്ഞായിരുന്നു. ആരും പരിഹസിച്ചില്ല. പരിഹസിച്ചാൽ ഞാനത് അനുവദിക്കയുമില്ലായിരുന്നു. നിങ്ങളുടെ വിഭാഗീയ ചിന്ത പഞ്ചാബികൾ അവരുടെ പെൺകുട്ടികൾക്ക് ആണത്തമുള്ള പേരിടുന്നതിനെ കുറ്റപ്പെടുത്തി. പക്ഷേ, നിങ്ങളുടെ സ്വന്തം പേര് 'ഷഷി' (Shashi) വടക്കേ ഇന്ത്യക്കാരെ സംബന്ധിച്ചേടത്തോളം സ്ത്രീകളുടേതാണ്. ശശിയാണ് (Sasi) അവിടെ ആണത്തമുള്ള പേര്.

അങ്ങയുടെ മറുപടി കോളവിരുദ്ധ സമരക്കാരെ രാഷ്ട്രീയ ലക്ഷ്യം വെക്കുന്നവരായി ചിത്രീകരിക്കുന്ന അവരുടെ കത്തിൽ യാതൊരു രാഷ്ട്രീയവും കാണാനാവില്ല. രാഷ്ട്രീയ വിഭാഗീയതക്കതീതമാണ് കോള വിരുദ്ധ സമയം. എൽ.ഡി.എഫും യു.ഡി.എഫും സമരത്തെ അനുകൂലിക്കുന്നു. എല്ലാ രാഷ്ട്രീയ പാർട്ടികളിൽനിന്നുമുള്ളവർ സമരക്കാരിലുണ്ട്. ഞങ്ഹൾ നീതിക്കുവേണ്ടിയാണ് നിലകൊള്ളുന്നതെന്ന വസ്തുത ഒരു പക്ഷെ, അങ്ങേക്ക് മനസ്സിലാവില്ല. വരുന്ന പാർലമെൻറ് തിരഞ്ഞെടുപ്പിൽ ഒരു സീറ്റു കിട്ടാനാണ് അങ്ങയുടെ ഉത്സാഹമെങ്കിൽ, കോൺഗ്രസ്സ് അത് തരും. എന്തെന്നാൽ അങ്ങ് അത് അർഹിക്കുന്നു. ഇന്ത്യാരാജ്യത്തെ, യു.എൻ. തിരഞ്ഞെടുപ്പിൽ അങ്കലാപ്പിലാക്കിയതിന് കോൺഗ്രസ്സ് പാർട്ടി സ്വയം ശിക്ഷിക്കുകയായിരിക്കും സീറ്റ് തരിക വഴി ചെയ്യുന്നത്. ആശംസകളോടെ...

*പരിഭാഷ : കാര്യാടൻ*